# അക്കാദമിക മാസ്റ്റർപ്ലാൻ

## എ.പി.എസ് പരക്കാട്
## (ship church management )

## 2025-2026

# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

## ക്ലാസ് - 1

# ആമുഖം

ഒന്നാം ക്ലാസ്സിലെ കുട്ടികളുടെ സമഗ്രവികസനമാണ് അധ്യാപകരും രക്ഷിതാക്കളും ലക്ഷ്യം വയ്ക്കേണ്ടത്. എഴുത്ത്, വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ പ്രതികരണങ്ങൾ, ശില്പശാല, സംയുക്തഡയറി, ചിത്ര പുസ്തകം, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർപ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വായത്തമാക്കണം എന്നതുകൂടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ തീരുമാനിക്കേണ്ടതുണ്ട്. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലഘട്ടത്തിൽ കുട്ടിയുടെ സമഗ്രവളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള മികവുറ്റ പ്രവർത്തനങ്ങളാണ് അക്കാദമിക മാസ്റ്റർപ്ലാൻ വഴി ലക്ഷ്യമിടുന്നത്.

# ജൂൺ

## പ്രവർത്തനങ്ങൾ

* സചിത്രപുസ്തകം, സചിത്ര ആസൂത്രണം
* സചിത്രഡയറി - സംയുക്ത ഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
* ചിത്രകാർഡുകൾ, വായനകാർഡുകൾ - നിർമ്മാണ ശില്പശാല.
* താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

# ജൂലൈ

## പ്രവർത്തനങ്ങൾ

* സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനമൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്തഡയറി എഴുതുന്നു.
* പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
* ചെറു കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കുന്നു.
* വാചികമായി പറയാനും അവസരം നൽകുന്നു.

# ഓഗസ്റ്റ്

## പ്രവർത്തനങ്ങൾ

* റീഡേഴ്സ് തിയറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
* ഭാഷാവികസനത്തിന് അവസരം ഒരുക്കുന്നു
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു
* പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു
* ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ, ചിത്രവായന കാർഡുകൾ എന്നിവ. തയ്യാറാക്കുന്നു, അവതരിപ്പിക്കുന്നു.
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മകവായനയിലേക്ക് കുട്ടികളെ നയിക്കുന്നു
* ആശയഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

# സെപ്റ്റംബർ

## പ്രവർത്തനങ്ങൾ

* സംയുക്താധ്യയനം മെച്ചപ്പെടുത്താൻ അവസരം നൽകുന്നു.

* സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നതിന് അവസരം നൽകുന്നു.

* ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്താധ്യയനം മെച്ചപ്പെടുത്തുന്നു.

* അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം നൽകുന്നു.

* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു

* കുട്ടികളെ സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

# ഒക്ടോബർ

## പ്രവർത്തനങ്ങൾ

* വായനോത്സവം സംഘടിപ്പിക്കുന്നു.
* ആസ്വാദ്യകരമായ വായന നടത്തുന്നു.
* ചിത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
* രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്രരചനകൾ പ്രദർശിപ്പിക്കുന്നു.
* ഭാഷാപ്രവർത്തനങ്ങൾ സർഗാത്മകവും സ്വതന്ത്രവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ചാസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

# നവംബർ

## പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയെഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കൾ ആകുന്നു.
* കൂട്ടവായന, നാട്ടുവായന, വീട്ടുവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കുന്നു.
* വായനോത്സവം തുടങ്ങുന്നു.
* രചനോത്സവം തുടങ്ങുന്നു.
* ചിത്രവായനക്ക് അവസരം ഒരുക്കൽ
* താളാത്മകമായി കവിതകൾ ചൊല്ലൽ
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു.
* ക്ലാസ്സ് പത്രം രൂപപ്പെടുത്തുന്നു.

# ഡിസംബർ

## പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുക[illegible]മായി അവതരിപ്പിക്കുന്നു.

* രചന ശേഷി പരിപോഷിപ്പിക്കൽ

* ദൈനംദിനപ്രവർത്തനങ്ങൾ തെറ്റില്ലാതെ ഭാ[illegible] എഴുതുന്നു.

* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളാ[illegible] തിരിഞ്ഞ് പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.

* ലഘുകവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.

* കണ്ടതും കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ എഴുതാൻ കഴിയുന്നു.

* സ്വന്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് [illegible] പൂർണതയോടെ എഴുതാൻ കഴിവു നേടി. രച[illegible] പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടു[illegible]

# ജനുവരി

## പ്രവർത്തനങ്ങൾ

* ചിത്രരചന ശില്പശാലകൾ സംഘടിപ്പിക്കുന്നു
* റീഡേഴ്സ് തിയേറ്റർ, വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* കുട്ടികൾ എഴുതിയ ചെറുകഥകൾ, കവിതകൾ എന്നിവയുടെ പ്രകാശനം
* സംയുക്തഡയറിലെ മികച്ച രചനകൾ ഓരോ കുട്ടിയുടെയും പോർട്ട്ഫോളിയോയിൽ ചേർക്കുന്നു.
* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നു.
* കുട്ടികളുടെ സ്വതന്ത്രരചനകൾ ചേർത്ത് "കുഞ്ഞെഴുത്ത്" പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

# ഫെബ്രുവരി ൨.

## പ്രവർത്തനങ്ങൾ

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കു

* കുട്ടികളുടെ രചനകൾ മാഗസിൻ ആകുന്നു.

* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി എഴുതുന്നതിനും വായിക്കുന്നതിനും അവസരം നൽകുന്നു.

* ആശയപൂർണതയോടെ സ്വതന്ത്ര രചനകൾ നടത്തുന്നു.

* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുന്നു.

* സ്വതന്ത്രമായി രചനകൾ നടത്തി ഉത്പ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തുന്നു.

# മാർച്ച്

## പ്രവർത്തനങ്ങൾ

കുട്ടികൾ തയ്യാറാക്കിയ കഥകൾ, കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന, ചങ്ങലവായന, സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം നൽകുന്നു.

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

# വിലയിരുത്തൽ പ്രവർത്തനങ്ങൾ.

* കുട്ടികൾ സ്വതന്ത്ര ചിന്തകരായി മാറിയിട്ടുണ്ട്.
* കുട്ടികളുടെ മികച്ച സ്വതന്ത്രരചനകളുടെ വായനക്കാരായി മാറിയിട്ടുണ്ട്.
* രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്.
* കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്തുപുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കുന്നു
* സംയുക്തഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു
* സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉറപ്പാക്കുന്നു.
* ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിൽ മികവുകൾ അവതരിപ്പിക്കുന്നു.

# Introduction

The goal for the first grader is to handle English fluently. They must be able to read, write and speak English. Every child should feel English as his mother tongue. We have to keep the language English close to our heart.

## Objectives and learning outcomes

- Respond to simple instruction in the class
- Describe orally about the pictures and objects
- Familiarise with simple words
- Enjoy songs and sings them with rhythm and actions.
- Familiarise the names of birds, animals and their young ones and identifies them from pictures.

## June

* Introduce simple words.
* Provides picture cards.

## July

* Identify familiar words
* Say familiar words
* Read familiar words
* Write familiar words.

## August

* Enjoy songs, sings them with rhythm and actions
* Desribes orally about pictures and objects using adjectives

## September

* Read and write simple words and simple sentences.
* Provides picture cards and reading cards.

## October

* Introduce simple picture descriptios
* Make word chain and sentence chain
* Make riddls
* Describing words, rhyming words
* Textbook activities

## November

* Prepare reading cards
* Provide more opportunities to read,
* write and speak English
* Writes five new English words daily

# December

* Read and understand simple instructions in the classroom.
* Encourage digital reading

# January

* Enjoy songs and sings them with Rhythm and actions
* Make picture albums
* collect pictures of animals and their young ones

# February

* Provide the opportunity to express mys[elf] in the class.
* English assembly once in a week.

# March.

- Speaks English/fluently.
- Read and write simple sentences
- Picture reading and picture description

# ആമുഖം

ഗണിതം മനുഷ്യന്റെ ജീവിതത്തിന്റെ ഭാഗം ആണ്. ഗണിതമില്ലാത്ത ഒരു ലോകത്തെ കുറിച്ച് ചിന്തിക്കാൻ സാധ്യമല്ല. ജീവിതത്തിന്റെ എല്ലാ മേഖലയിലും ഗണിതം പ്രാവർത്തികമാകുന്നത് നമുക്ക് കാണാവുന്നതാണ്. ഒന്നിലെ കുട്ടികൾക്ക് സംഖ്യാ ബോധവും ചെറു ഗണിത ക്രിയകളുമെല്ലാം പരിചയപ്പെടുത്തുന്നുണ്ട്. ചെറു ഗണിത കളികളിലൂടെയും ഗണിതം എളുപ്പമാക്കാൻ സഹായിക്കുന്ന പഠനോപകരണങ്ങളിലൂടെയും ഗണിതപാട്ടുകളിലൂടെയുമെല്ലാം പ്രാഥമിക തലത്തിൽ വിദ്യാർത്ഥികൾക്ക് മധുരിതമാക്കി മാറ്റേണ്ടതുണ്ട്.

## ലക്ഷ്യം

ജൂൺ – സംഖ്യാബോധം

സംഖ്യകൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ

സംഖ്യാകാർഡ് നിർമിക്കാൻ

## ജൂലൈ – ഗണിതകിറ്റ്

ഗണിതപഠനത്തിന് സഹായകമായ വസ്തുക്കൾ പ്രയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.

## ആഗസ്റ്റ് — വലിയ സംഖ്യ , ചെറിയ സംഖ്യ

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ

വലിയ സംഖ്യ - ചെറിയ സംഖ്യ തിരിച്ചറിയൽ

## സെപ്റ്റംബർ — സങ്കലന ക്രിയകൾ

ഗണിതപാട്ടുകൾ/സംഖ്യാഗാനങ്ങൾ ആസ്വദിക്കുന്നു.

ചെറുസങ്കലന ക്രിയകൾ

## ഒക്ടോബർ — ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ

ഒറ്റ സംഖ്യകൾ - ഇരട്ടസംഖ്യകൾ തിരിച്ചറിയൽ

ഇടവിട്ട സംഖ്യകൾ ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ

മനസ്സിലാക്കുന്നു.

## നവംബർ - സംഖ്യാഗാനങ്ങൾ

ഗണിതപ്പാട്ടുകൾ ശേഖരിക്കുന്നു, ആസ്വദിക്കുന്നു.

ഗണിതപ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുന്നു.

## ഡിസംബർ - വർക്ക്ഷീറ്റ്

വർക്ക്ബുക്ക് പ്രവർത്തനങ്ങൾ

My number book / My maths book

തയ്യാറാക്കുന്നു.

## ജനുവരി - വ്യവകലന ക്രിയകൾ

ചെറു വ്യവകലന ക്രിയകൾ

## ഫെബ്രുവരി - ചിഹ്നങ്ങൾ തിരിച്ചറിയൽ

സങ്കലനം, വ്യവകലനം എന്നിവയ്ക്കുള്ള ചിഹ്നങ്ങൾ മനസ്സിലാക്കുന്നു

## മാർച്ച് - ഗണിതകിറ്റ്

സംഖ്യകളുടെ പകുതി, മൂല്യം, തിരിച്ചറിയൽ. എന്ന പ്രവർത്തനം ഗണിതകിറ്റിന്റെ സഹായത്തോടെ സാധ്യമാക്കൽ

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## CLASS-2

## 2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD-2 – മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനിക മേഖല സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷിവികാസങ്ങൾ നൽകികൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണ്യം നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുള്ളവരായി തീരണം അതാണ് ലക്ഷ്യം.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
* രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത ക്ലാസ്നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
* വർഷവസാനം സ്വന്തമായ ലേഖനത്തിൽ ഏർപ്പെടുകയും സ്വതന്ത്രമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
* ചിത്രങ്ങൾ അടിസ്ഥാനമാക്കി സംഭാഷണം, ചെറുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

## മുന്നൊരുക്കം

* പ്രീടെസ്റ്റ് നടത്തുന്ന എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്ത…
* കുട്ടികളുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ…
CPTA നടത്തി എല്ലാ മാസവും പിന്നോക്കക്കുട്ടിക്ക് ഉദ്യമമാക്കുന്നതിനുള്ള…
അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം
ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്ന…
ശേഷി നേടുന്നതിന്.

## * ജൂൺ

* ചിത്രകാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ട്)
* ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്ക…

## ജൂലൈ

* ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ…
ഉറപ്പാക്കുന്നു.
* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു

## ആഗസ്റ്റ്

* ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
* രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
* വീട്ടു ലൈബ്രറി ഒരുക്കൽ
* ചിത്ര വിവരണം.
* വായനാ തലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്…

## സെപ്റ്റംബർ

* വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ
* വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ
* വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ

## ഒക്ടോബർ

* കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.
* വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻധാരണ നൽകുന്ന
  ഉദാ: ആന
  വലിയ ആന
  കറുത്ത വലിയ ആന.

## നവംബർ

* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.
*

## ഡിസംബർ

* ഭാഷയുടെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.
* ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.
*

## ജനുവരി

* വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ
* ലഘു വിവരണങ്ങൾ പ്രതികരണങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ.

## ഫെബ്രുവരി

* എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ള
ഉറപ്പു വരുത്താൻ (ഭാഷണം, ലേഖനം, എഴുത്ത്)
* കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടു
ന്നതിനുള്ള അവസരം ഒരുക്കാൻ

## മാർച്ച്

* വ്യത്യസ്ത രചനയെ പ്രോത്സാഹിപ്പിക്കാൻ
* ഇൻലന്റ് മാസിക ഓരോകുട്ടിയും തയ്യാറാക്കാൻ
* ഓരോ കുട്ടിയും ഓരോ പതിപ്പുകൾ, കൈയെഴുത്ത്, മാസിക, മാസി
തയ്യാറാക്കാൻ.
* വിശ്വവായന, കുട്ടിവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇ
പ്രോത്സാഹിപ്പിക്കാൻ.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കാൻ.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD-2 – ഗണിതം

### ആമുഖം

ഗണിതപഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടികൾക്കൊപ്പം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടുവന്നത്. ഓരോ പഠനഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതപ്രവർത്തനത്തിലും തത്പരമായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം വ്യവകലനം പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
* സംഖ്യാബോധവും ക്രിയാശേഷിയും എല്ലാവരിലും നേടിയെടുക്കുന്നതിന്
* ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
* ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു. (100 ൽ താഴെ)
* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്തതരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ.
* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്തരീതിയിൽ പ്രയോഗപ്പെടുത്തൽ.
*

### മുന്നൊരുക്കം.

* ഗണിതാശയങ്ങളിൽ കുട്ടികൾക്കുള്ള തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

* പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്ന വ്യത്യസ്ത രീതികൾ പ്രയോജനപ്പെടുത്തൽ.

## ജൂൺ

* 1,2,3,4, ....
1,3,5,7, ....
10,20,30,40, ....
5,10,15,20, ....
2,4,6,8,10, ....
തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.
* ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ട് മുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

## ജൂലൈ

* ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽപ്പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആദ്യ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ.
* ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ.
* പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരി
(5+5=10, 10+10=20)

## ആഗസ്റ്റ്

* വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
* സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ 99നോട് 1 കൂട്ടിയാൽ 100 ല
* 10 പത്തുകൾ ചേർന്നാൽ 100 ആകും 100 ഒന്നുകൾ ചേർന്നതാണ് 10
* ഓരോ സംഖ്യകളെയും പ്രായോഗിക ഗണിതത്തിന്റെ തലത്തിൽ ഉൾപ്പെടുത്താനുള്ള കുട്ടികളുടെ പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

* ഗണിത കിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ
* വില വിവര പട്ടിക തയ്യാറാക്കൽ
* ക്ലാസിലൊരു കട, സ്കൂളിലൊരു കട. ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കുന്നു.

## ഒക്ടോബർ

* രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.
* സംഖ്യാപാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത വ്യത്യാസമുണ്ട് കണ്ടെത്തൽ പ്രായോഗിക പ്രശ്നം ഉറപ്പിക്കൽ)
  5....10....15....20....25... (ഉചിതം കൂട്ടിയാൽ പ്രശ്നവിശകലനം ചെയ്യൽ)

## നവംബർ

* സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)
* പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പോലുള്ള ആവശ്യമായ വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.
* ക്ലാസിനൊരു കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.
* നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യരൂപീകരിക്കൽ
  10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം.
*

## ഡിസംബർ

* സംഖ്യാബോധം തിരിച്ചറിവിൽ - സംഖ്യാവ്യാഖ്യാനം ഉറപ്പാക്കൽ
* സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാനവില പോക്കറ്റ് അബാക്കസ് നിർമിക്കൽ
* രണ്ടക്കസംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

## ജനുവരി

* വിലവിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ
* പ്രശ്നം നിർധാരണം ചെയ്ത് തുക കണ്ടെത്താൻ ശീലിക്കൽ.
* സങ്കലനവ്യവകലനങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

* ഗണിതം ആസ്വാദ്യകരമാക്കാൻ കളികളിൽ ഗണിതപഠനം നടത്തൽ
* ഉല്ലാസ ഗണിതം materials ഉപയോഗിച്ച് ഗണിതപ്രശ്നങ്ങൾ പരിഹരിക്കൽ ഗണിതപഠനം കളിരീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

## മാർച്ച്

* കലണ്ടർ പതിപ്പ് തയ്യാറാക്കൽ
* കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ് മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.
* കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ ആവിഷ്കരിക്കൽ
* കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.
* ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ക്ലാസ്സ്: 3

# മലയാളം

## ലക്ഷ്യങ്ങൾ

* സാമൂഹ്യപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കുകയും അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക.
* കവിതകളും പാട്ടുകളും ആശയവ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുക.
* രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുക.
* കഥ, കവിത, പഴഞ്ചൊല്ല്, കടങ്കഥ, നാടൻപാട്ട് തുടങ്ങിയവ ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുക.
* ലഘുവായ സർഗാത്മക രചനകൾ നടത്തുക.
* കഥകളെയും കവിതകളെയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കുക.

★ ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുക.

## ജൂൺ – ജൂലൈ

### കനകച്ചിലങ്ക

★ നാടൻ പാട്ടുകൾ ശേഖരണം

★ പഴഞ്ചൊല്ലുകൾ ശേഖരണം

★ നാടൻ കഥകൾ ശേഖരണം

★ നാടൻ പാട്ടിലെയും കവിതയിലെയും താളം

★ കടങ്കഥ - ശേഖരണം

★ അഭിമുഖം - കലാകാരന്മാർ

★ ചിത്രശേഖരണം, ICT - കലാരൂപങ്ങൾ, വേഷവിധ

★ ശില്പശാല - പാവനാടകം.

## ആഗസ്റ്റ് – സെപ്റ്റംബർ

### പലഹാരപ്പൊതി

★ ലൈബ്രറി ഒരുക്കൽ - കുട്ടികൾ വരച്ച ചിത്രങ്ങൾ

* ശില്പശാല - നാടകം
* റോൾപ്ലേ അവതരണം
* ശേഖരണം - ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ
* പാചകക്കുറിപ്പ് - പലഹാരമേള
* കത്തുകൾ - മാതൃകകൾ
* ഹരിതകർമസേന അംഗങ്ങളുമായി അഭിമുഖം.

CPTA - ഒന്നാം മികവുത്സവം

* നാടോടി കഥകളുടെ അവതരണം
* നാടൻ പാട്ടുകളുടെ അവതരണം
* പാവനാടകം അവതരണം.

ഒക്ടോബർ

മനുഷ്യന്റെ കൈകൾ

* കൃഷിയിടം - സന്ദർശനം
* കൃഷിപ്പാട്ടുകൾ, കൃഷിചൊല്ലുകൾ - അവതരണം
* കുട്ടിക്കളികൾ - അനുഭവ വിവരണം, പതിപ്പ്
* നാടൻപാട്ട് ശില്പശാല

# English

**Aim:** To Read, speak and write English without any mistakes.

**Time:** June to March

To check the vocabulary and writing skills of nature.

**Activities:**

**June and July**

* Pre Test
* To develop listening skills and reading skills.

**Listening skills**

Games, Action songs

* Hello English Activities
* Conversations
* Skit
* Stories
* Use ICT

## speaking skills

* Identify the meaning words from the picture.
* Identify the action words from the picture.
* Make the simple sentences using the words about picture
* Make simple description about the picture.
* Growing sentences, picture reading. self introductions.

## August and september

Develop the creative speaking and writing.

## Reading skills

* Books Reading
* Find words
* Collect and read past tense
* Rhyming words
* TB Activities

October and November

* To express thoughts feelings etc.

Reading skills

* Liabrary book reading
* Conversations, skit, stories, use ICT
* Read notice
* Develop stories

Writing skills

* Descriptions
* speech battles
* Thoughts

December and January

* Develop the Creative speaking and writing

Reading skills

* Liabrary books reading
* Conversations, skit, stories use ICT
* Develop stories
* Reads diary.

## Writing skills

- Diary
- Announcement
  February and March
- To improve the presentation power

## Reading skills

- Liabrary books
- Conversations
- skit stories

## Writing skills

- Diary
- Descriptions
- Thoughts
- Exitions

# ഗണിതം

പ്രവർത്തനങ്ങളെ കളികളായും സർഗാത്മക
പ്രവർത്തനങ്ങളായും കൂടി ചേർത്തുകൊണ്ട്
മൂന്നാം ക്ലാസിലെ ഗണിത പഠനം അവതരി
പ്പിക്കുന്നത്. യുക്തിചിന്ത, വിശകലനാത്മക ചിന്ത,
പ്രശ്നപരിഹാരം എന്നീ ശേഷികൾ നേടാൻ
ജ്യാമിതി സഹായകമാണ്. 2000 വരെയുള്ള
സംഖ്യകൾ, പറയുക, എഴുതുക, വായിക്കുക
എന്നീ ശേഷികൾ നേടാനും നിത്യജീവിത
ത്തിന്റെ ഭാഗമായി നാണയങ്ങളും
നോട്ടുകളും കൈകാര്യം ചെയ്യാനും ഗണിത
പഠനം മൂന്നാം ക്ലാസിൽ ലക്ഷ്യം വെയ്ക്കു
രണ്ടക്കസംഖ്യ, മൂന്നക്ക സംഖ്യ
എന്നിവയുടെ സങ്കലനക്രിയ നിർധാരണം
ചെയ്യുന്നതിലൂടെ പ്രശ്നവിശകലനം നടത്താൻ
ത്തിന് പ്രാപ്തരാക്കുന്നു. മനോഗണിതത്തിന്
പ്രാധാന്യം നൽകിയിട്ടുള്ള പ്രവർത്തന
ങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്

സെന്റിമീറ്റർ, മീറ്റർ എന്നിവയുടെ ഉപയോഗം പരിചയപ്പെടുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. ടേപ്പ്, സ്കെയിൽ എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. 9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണനവസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് അവസരമൊരുക്കുന്നു.

## ജൂൺ ജൂലൈ

യൂണിറ്റ്-1 രൂപങ്ങൾ വരയ്ക്കാം.

* ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ
* ചതുരം, വൃത്തം, ത്രികോണം എന്നിവ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തൽ.
* തോരണ നിർമ്മാണം, മിൽ – പേപ്പർ ക്രാഫ്റ്റ്
* തോണി, വെജിറ്റബിൾ പ്രിന്റിംഗ്
* ഇഷ്ടമുള്ള രൂപങ്ങൾ നിർമ്മിക്കൽ.

## ആഗസ്റ്റ്

ഓരോ കുട്ടിക്കും കണക്കുപെട്ടി

ഗണിത ശില്പശാല

1 മുതൽ 100 വരെ എഴുതിയ ടോക്കൺ

കളിനോട്ടുകളുടെ ഉപയോഗം

സംഖ്യാ സ്ട്രിപ്പുകൾ
അബാക്കസ് നിർമ്മാണം

ആഗസ്റ്റ് - സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

ഒക്ടോബർ

സ്കെയിൽ നിർമ്മാണം
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം, ക്ലാസ്

നവംബർ, ഡിസംബർ

ഗുണന വസ്തുതാകാർഡ് നിർമ്മാണം.

# പരിസരപഠനം

**ലക്ഷ്യം 1:** ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്കനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം തിരിച്ചറിയുകയും ചെയ്യുക.

**പ്രവർത്തനം:**

ഞാനും എന്റെ പരിസരവും

ജൈവവൈവിധ്യ ഉദ്യാനസന്ദർശനം, സസ്യങ്ങളെ നിരീക്ഷിക്കൽ, പ്രത്യേകതകൾക്കനുസരിച്ച് തരം തിരിക്കൽ, മരങ്ങൾ, കുറ്റിച്ചെടികൾ, ഔഷധികൾ - തരംതിരിക്കൽ, സസ്യങ്ങളുടെ വളർച്ച - നിരീക്ഷണം, കുറിപ്പ്.

പൂന്തോട്ടം ഒരുക്കാം

* ജൈവവൈവിധ്യ ഉദ്യാനനിർമ്മാണം
* സ്കൂൾ പൂന്തോട്ടനവീകരണം
* വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ

**ലക്ഷ്യം 2:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പ
ര്യവും വളർത്തുക.

പ്രവർത്തനം: പ്രകൃതി നടത്തം

* ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷി
ക്കൽ
* വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയൽ
* ഫീൽഡ് ട്രിപ്പ്
* ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച
* മലിനീകരണപ്രശ്നങ്ങൾ തിരിച്ചറിയൽ, ചർച്ച
* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ
ഇടപെടലുകൾ - ഡോക്യുമെന്ററി പ്രദർശനം

പൂന്തോട്ട നിർമ്മാണം

* സ്കൂൾ പൂന്തോട്ട പരിപാലനം
* വീട്ടിൽ ഒരു അടുക്കള

ഒരു തൈ നടാം

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ
നടൽ പരിപാലനം.

ദാഹജലം

പൂന്തോട്ടത്തിൽ കിളികൾക്ക് ദാഹജലം
ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ.

ലക്ഷ്യം 3 : കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

ദിനകൃത്യങ്ങൾ

* പ്രഭാതകൃത്യങ്ങൾ കൃത്യമായി നിർവഹിക്കുന്നു
* വിദ്യാലയത്തിൽ വരുമ്പോഴും അവശ്യമായ ശുചിത്വ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
* ക്ലാസ്മുറിയും വിദ്യാലയ പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

ആരോഗ്യം

ശുചിത്വമത്സരം

* ക്ലാസ് തലത്തിൽ ശുചിത്വം
* വ്യക്തിശുചിത്വം, ക്ലാസ് വിദ്യാലയ ശുചിത്വം മത്സരം. എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ

പരിസര നടത്തം

സർവ്വേ – വീടിനു ചുറ്റുപാടും ഉള്ള മാലിന്യ പ്രശ്നങ്ങൾ

പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

നല്ലശീലം

പോസ്റ്ററുകൾ തയ്യാറാക്കൽ

★ പാഠാംശങ്ങൾ പ്രദർശനം

ലക്ഷ്യം 4: ശാസ്ത്രവിഷയങ്ങളിൽ അഭിരുചി-യും താൽപര്യവും വളർത്തൽ

പ്രവർത്തനം : ഫീൽഡ് ട്രിപ്പ്

★ കുളം, വയൽ, കാവ് etc എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.

★ ശാസ്ത്രകൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടൽ.

★ ശാസ്ത്രജ്ഞന്മാരെ പരിചയം

★ ശാസ്ത്രക്യാമ്പ്

★ അഭിമുഖം - മികച്ച ശാസ്ത്രാധ്യാപകർ

പരിമിതികൾ

★ ക്യാമ്പ്

★ പ്രകൃതിനടത്തം. പരിമിതികൾ.

# STD-IV

## അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

**ലക്ഷ്യം:** നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസരപഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതു തത്വങ്ങൾ :

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

# മലയാളം

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ - ആവശ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം വായനാക്കുറിപ്പ് ആസ്വാദക കുറിപ്പ്. പുസ്തക സംവാദം. ആനുകാലിക വായന. | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG ക്ലാസ് ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| **രുചിച്ചറിയാം** | | | | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ നേരിട്ട് പരിചയപ്പെടൽ | ഭക്ഷ്യമേള പാചകക്കുറിപ്പുകളുടെ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ. | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ PTA | |
| **ഓർക്കാം അഭിമാനിക്കാം** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ. ഡോക്യുമെന്ററി പ്രദർശനം. പുസ്തക പരിചയം. ക്വിസ്-ലഘു പ്രഭാഷണം. | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ. | |

| | | | | |
|---|---|---|---|---|
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക് കലാവതരണം കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ ചമയങ്ങൾ പ്രദർശനം | വർഷത്തിൽ ഒന്ന് | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷിയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA |

# അസംബ്ലി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ്** | **ഡയറി** | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ്** | **തിയേറ്റർ** | | | |
| സർഗാത്മകമായ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ (skit, Drama, conversation, story telling) | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കയ്യെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സ്വന്ത രചനകളുമായി കയ്യെഴുത്ത് പതിപ്പ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോഷണം | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ വായനാ വേള, വായനാ കുറിപ്പ് പുസ്തക പരിചയം | രണ്ടാഴ്ചയിലൊന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. | വായനാ മത്സരം, രചനാ മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധിക്കാലം | HM ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ. മൂല്യനിർണയം (ഏണിയും പാമ്പും, ഡൈസ് കളി, കച്ചവടകളി) | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതപഠനം രസകരമാക്കൽ - കരചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA |
| **ഗണിത പഠനോപകരണ ശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | PTA |

## ഗണിതമേള

| | | | | |
|---|---|---|---|---|
| ഗണിത ശേഷി കളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപ ന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| | | | | |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | PTA SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം | വർഷത്തിൽ ഒന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG. ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്രപതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം - ഇവയുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | HM SRG ക്ലാസ്ടീച്ചർ | PTA |
| **ശാസ്ത്ര മാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിൽ ഒന്ന് | HM SRG ക്ലാസ്ടീച്ചർ | PTA |